പതിനാലാം കേരള നിയമസഭ
പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2250 — 11-03-2020-ൽ മറുപടിക്ക്

## ഉത്തരവാദിത്ത ടൂറിസ വ്യാപനത്തിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | 'ദൈവത്തിന്റെ സ്വന്തം നാട്, ജനങ്ങളുടെ സ്വന്തം ടൂറിസം' പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉത്തരവാദിത്ത ടൂറിസം മിഷൻ 'ദൈവത്തിന്റെ സ്വന്തം നാട്, ജനങ്ങളുടെ സ്വന്തം ടൂറിസം' എന്ന പേരിൽ പദ്ധതികൾ ഒന്നും നടപ്പിലാക്കുന്നില്ല. 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിട്ടുണ്ട്. അതിന് മുൻപ് ഉത്തരവാദിത്ത ടൂറിസം പദ്ധതിയായി നിലനിന്നിരുന്ന സമയത്ത് 'ദൈവത്തിന്റെ സ്വന്തം നാട്, ജനങ്ങളുടെ സ്വന്തം ടൂറിസം' എന്ന തലക്കെട്ടിൽ കിറ്റ്സ് ചില പ്രവർത്തങ്ങൾ നടത്തിയിരുന്നു.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുന്നതിനായി 'പെപ്പർ', 'മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ' എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. അതോടൊപ്പം തന്നെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ യൂണിറ്റ് രജിസ്ട്രേഷൻ, എക്സ്പീരിയൻസ് എത്തിക് ക്യുസീൻ എന്നീ വിവിധ പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രദേശവാസികൾക്ക് കൂടുതൽ തൊഴിലും വരുമാനവും ലഭിക്കുന്നതിനും അവരുടെ ജീവിത സാഹചര്യം ഉയർത്തുന്നതിനും ഉത്തരവാദിത്ത ടൂറിസം സഹായകമായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | തദ്ദേശീയരായ ജനങ്ങളെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധിപ്പിച്ചു അധിക തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കേരളത്തിന്റെ സാംസ്കാരിക തനിമയും, തനതു ജീവിത രീതി, ഗ്രാമീണാന്തരീക്ഷം, തൊഴിൽ, കലാരൂപങ്ങൾ, ആഘോഷങ്ങൾ, ഭക്ഷണവിഭവങ്ങൾ എന്നിങ്ങനെയുള്ളതെല്ലാം വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുകയും അതിലൂടെ അവ അന്യംനിന്ന് പോകാതെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ടൂറിസം കേന്ദ്രങ്ങൾ മാലിന്യ വിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ.<br>ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചതിനു ശേഷമുള്ള പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി നിലവിൽ 17008 യൂണിറ്റുകൾ ആർ.ടി. മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2019- 20 സാമ്പത്തിക വർഷം ഫെബ്രുവരി 29 വരെ രജിസ്റ്റേഡ് യൂണിറ്റുകളിലൂടെ ലഭിച്ചിരിക്കുന്ന പ്രാദേശിക വരുമാനം 18.26 കോടി രൂപയാണ്. |
| (സി) | ആയുർവേദ സെന്ററുകൾ, ഹൗസ് ബോട്ടുകൾ തുടങ്ങിയവയിൽ ടൂറിസ്റ്റുകളെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുവാൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്; | (സി) | ആയുർവേദ സെന്ററുകൾ, ഹൗസ് ബോട്ടുകൾ തുടങ്ങിയവയിൽ ടൂറിസ്റ്റുകളെ ചൂഷണം ചെയ്യുന്നത് തടയാനായി ടൂറിസം വകുപ്പ് ക്ലാസിഫിക്കേഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇങ്ങനെ ക്ലാസിഫിക്കേഷൻ ലഭിക്കുന്ന യൂണിറ്റുകളുടെ വിവരങ്ങൾ ടൂറിസം വകുപ്പിന്റെ വെബ്സൈറ്റിലും മറ്റ് പ്രസിദ്ധീകരണങ്ങളിലൂടെയും പ്രസിദ്ധീകരിക്കുന്നു. |
| (ഡി) | ടൂറിസം ക്ലാസിഫിക്കേഷൻ സ്കീം പ്രസ്തുത മേഖലകളിൽ | (ഡി) | ആയുർവേദ സെന്ററുകൾ, ഹൗസ് ബോട്ടുകൾ തുടങ്ങിയ മേഖലകളിൽ ടൂറിസം വകുപ്പ് |

| | | | |
|---|---|---|---|
| | നടപ്പിലാക്കിയിട്ടുണ്ടോ; ഇതുമൂലമുള്ള പ്രയോജനം വ്യക്തമാക്കാമോ? | | ക്ലാസ്സിഫിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ ലഭിക്കുന്ന ഹൗസ് ബോട്ടുകളിലും ആയുർവേദ സെന്ററുകളിലും മികച്ച സർവ്വീസ്, ഗുണനിലവാരം, സുരക്ഷ എന്നിവ ഉറപ്പുവരുത്തുവാൻ കഴിയും. ടൂറിസ്റ്റുകളെ ചൂഷണം ചെയ്യുന്നത് തടയുന്നതിനും ക്ലാസ്സിഫിക്കേഷൻ സ്കീം വഴി കഴിയുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**